"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - 2023-24 സാമ്പത്തിക വർഷം- PM-JANMAN പദ്ധതി-7 അങ്കണവാടികളുടെ കെട്ടിടം നിർമ്മാണം-കേന്ദ്ര വിഹിതം തുക -SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.145/2024/WCDD    തീയതി,തിരുവനന്തപുരം, 17-04-2024

---

പരാമർശം:-

1. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ 05/01/2024 തീയതിയിലെ 11/13/2023 CD-1, നമ്പർ കത്ത്
2. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ 12/01/2024 തീയതിയിലെ 11/13/2023- CD-1 (C-111487) നമ്പർ കത്ത്
3. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 19/01/2024 തീയതിയിലെ 11/13/2023 CD-1 (C-111487) നമ്പർ കത്ത്
4. സ.ഉ(സാധാ) നം. 2106/2024/ധന തീയതി 05/03/2024
5. സ.ഉ(സാധാ) നം. 115/2024/വശിവിവ തീയതി 16/03/2024
6. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 22.03.2024 തീയതിയിലെ DWCD/7045/2023-ICDSB1 നമ്പർ കത്ത്
7. കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 26.03.2024 തീയതിയിലെ 11/13/2023 CD-1 (C-111487) നമ്പർ കത്ത്
8. സ.ഉ(സാധാ) നം. 3316/2024/ധന തീയതി 09/04/2024

**ഉത്തരവ്**

ഭാരതത്തിലെ 76 അതിദുർബല ഗോത്ര വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ജൻജതി ആദിവാസി ന്യായ മഹാ അഭിയാൻ (PM-JANMAN). ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഗോത്ര വർഗ്ഗ മേഖലയിൽ അങ്കണവാടികൾ ആരംഭിക്കുന്നതിനായി സംസ്ഥാനത്തെ 5 ജില്ലകളിലെ നിലവിലുള്ള 49 Particularly Vulnerable Tribal Group (PVTG) ഹാബിറ്റേഷനുകളിൽ (പാലക്കാട്-12, വയനാട്- 27, തൃശ്ശൂർ-1, മലപ്പുറം-2, കാസർഗോഡ്-7) അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതു പ്രകാരം പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു multi purpose Centre (Health facility and Anganwadi Centrte) ഉൾപ്പെടെ സംസ്ഥാനത്തെ 5 അങ്കണവാടികളെയും PVTG ഹാബിറ്റേഷനുകളിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 3 അങ്കണവാടികളെയും കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ പാരമർശം (1), പരാമർശം (2) കത്തുകൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(2) മേൽപ്പറഞ്ഞ 8 അങ്കണവാടികളിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു multi purpose Centre ഒഴികെയുള്ള അങ്കണവാടികൾക്കായി സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ പരാമർശം (3) കത്ത് പ്രകാരം കെട്ടിടം ഒന്നിന് 12 ലക്ഷം രൂപ നിരക്കിൽ 7 അങ്കണവാടികൾക്ക് 84 ലക്ഷം രൂപ (100% കേന്ദ്ര വിഹിതം) അനുവദിച്ചിട്ടുണ്ട്.

(3) PM-JANMAN പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച അങ്കണവാടികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും, ഈ പദ്ധതി പ്രകാരം പുതുതായി അനുവദിച്ച 4 അങ്കണവാടികൾക്കും PVTG ഹാബിറ്റേഷനുകളിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 3 അങ്കണവാടികളും ഉൾപ്പെടെ 7 അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 84 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പരാമർശം (4) പ്രകാരം 4235-02-102-82 (P) ശീർഷകം അനുവദിച്ചുത്തരവായിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വനിതാ ശിശു വികസന ഡയറക്ടറെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഡയറക്ടറുടെ പേരിൽ സിംഗിൾ നോഡൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കിക്കൊണ്ട് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

(4) PM-JANMAN പദ്ധതി പ്രകാരമുള്ള അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി (Construction of Anganwadi Centres in convergence of Saksham Anganwadi and POSHAN 2.0 with PM-JANMAN Scheme) 4235-02-102-82 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ 84,00,000/- രൂപ (എൺപത്തിനാല് ലക്ഷം രൂപ മാത്രം) SNA അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (6) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. PM-JANMAN പദ്ധതി പ്രകാരമുള്ള 7 അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി പരാമർശം (7) പ്രകാരം റിലീസ് ചെയ്ത 84 ലക്ഷം രൂപ പരാമർശം (8) പ്രകാരം 4235-02-102-82 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത 84,00,000/- (എൺപത്തിനാല് ലക്ഷം രൂപ മാത്രം) രൂപ 4235-02-102-82 (P) ശീർഷകത്തിൽ നിന്നും പിൻവലിച്ച് SNA അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ച് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [WCD-1/41/2024-FIN (2698874) ]

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
Date: 17-04-2024 15:05:40
സെക്ഷൻ ഓഫീസർ